ഹർത്താലിന്റെ പേരിൽ യൂണിവേഴ്സിറ്റി പരീക്ഷകൾ മാറ്റിവച്ച സംഭവം

397 [2460] ശ്രീ. സി. പി. മുഹമ്മദ്:

,, കെ. എ. ചന്ദ്രൻ:

,, എം. എ. ചന്ദ്രശേഖരൻ:

,, എ. പി. അനിൽകുമാർ:

,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹർത്താലിന്റെ പേരിൽ സംസ്ഥാനത്ത് ഇക്കഴിഞ്ഞ രണ്ട് വർഷങ്ങൾക്കുള്ളിൽ യൂണിവേഴ്സിറ്റി പരീക്ഷ മാറ്റിവച്ച സംഭവങ്ങളുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഏതെല്ലാം;

(ബി) സർവ്വകലാശാലകളിൽ ഇക്കാലത്തിനുള്ളിൽ പരീക്ഷകൾ എത്ര പ്രാവശ്യം ഇക്കാരണത്താൽ മാറ്റി വയ്ക്കപ്പെട്ടിട്ടുണ്ട്;

(സി) ഇതിന്റെ ഫലമായി ഫലപ്രഖ്യാപനത്തിൽ എന്ത് കാലതാമസം വരാനിടയായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എല്ലാ സർവ്വകലാശാലകളുടെയും ബിരുദ ബിരുദാനന്തര പരീക്ഷകൾ മാറ്റിവച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) എല്ലാ ഹർത്താലിലും പരീക്ഷകൾ മാറ്റിവച്ചിട്ടുണ്ട്. പ്രത്യേക ജില്ലകളിൽ നടന്ന ഹർത്താലുകൾക്ക് മൊത്തം ജില്ലകളിലേയും പരീക്ഷ വിദ്യാർത്ഥികൾക്കുണ്ടാകുന്ന അസൗകര്യം കണക്കിലെടുത്ത് മാറ്റിവയ്ക്കേണ്ടതായി വന്നിട്ടുണ്ട്. വിശദവിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) എം. ജി. സർവ്വകലാശാല ഒഴിച്ചുള്ള സർവ്വകലാശാലകളിൽ ഫല പ്രഖ്യാപനത്തിൽ കാലതാമസം ഉണ്ടായിട്ടില്ല.

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ നിയമനങ്ങൾ

398 [2461] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, പി. ടി. തോമസ്:

,, ജോർജ് ജെ. മാത്യു:

ശ്രീമതി രാധാ രാഘവൻ:

ശ്രീ. ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ അസിസ്റ്റന്റ് ഗ്രേഡ് 2, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ എന്നിവരുടെ നിയമനത്തിനായി 2000 ഫെബ്രുവരി 27-ന് എഴുത്തുപരീക്ഷ നടത്തിയിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly